**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1076** **11-02-2025 - ൽ മറുപടിയ്ക്ക്**

**തരൂർ, ആലത്തൂർ മണ്ഡലങ്ങളിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2016-17 ലെ വാട്ടർ അതോറിറ്റി പ്ലാൻ ഫണ്ടിൽ നിന്നും തരൂർ, ആലത്തൂർ മണ്ഡലങ്ങളിൽ ഒന്നാംഘട്ടമായി 20 കോടി രൂപ അനുവദിച്ച് നടപ്പിലാക്കുന്ന വണ്ടാഴി-കിഴക്കഞ്ചേരി-വടക്കഞ്ചേരി-കണ്ണമ്പ്ര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (എ) | സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി വണ്ടാഴി, വടക്കഞ്ചേരി, കിഴക്കഞ്ചേരി & കണ്ണമ്പ്ര എന്നീ പഞ്ചായത്തുകൾക്കുവേണ്ടി മംഗലം ഡാം സ്രോതസ്സാക്കിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിനായി 20 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്.<br><br>ഒന്നാംഘട്ട പ്രവൃത്തിയിൽ 24.5 എം.എൽ.ഡി ജലശുദ്ധീകരണ ശാല, 24.5 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി, സബ്സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, ക്ലിയർ വാട്ടർ പമ്പ് സെറ്റും, ട്രാൻസ്ഫോർമറും വിതരണം ചെയ്ത് സ്ഥാപിക്കുന്നതും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ 24.5 എം.എൽ.ഡി ജലശുദ്ധീകരണശാലയുടെയും മംഗലം ഡാമിൽ നിർമ്മിക്കുന്ന 24.5 ലക്ഷം ലിറ്റർജലസംഭരണിയുടെയും 83% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, 600 ഡി.ഐ കെ. 9 പൈപ്പ് 51 മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി, ക്ലിയർ വാട്ടർ പമ്പ് സെറ്റ്- 3 എണ്ണം സ്ഥാപിക്കുന്ന പ്രവൃത്തി, 900 കെ.വി.എ ട്രാൻസ്ഫോർമർ, സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തി എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്. മുടങ്ങി കിടന്നിരുന്ന ടി പ്രവൃത്തി കരാറുകാരനുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2025 മെയ് 31 ഓടു കൂടി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ